# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 3264 — 14-10-2011-ൽ മറുപടിക്ക്

## നാളേക്കിത്തിരി ഊർജ്ജം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് നാളേക്കിത്തിരി ഊർജ്ജം പദ്ധതി പ്രകാരം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) നാളേയ്ക്കിത്തിരി ഊർജ്ജം പദ്ധതി 2011 ഓഗസ്റ്റ് മാസം 1-ാം തിയതി മുതൽക്ക് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നതേയുള്ളൂ. പ്രവർത്തനം പൂർണതോതിൽ ആയാൽ മാത്രമേ ഇത് മൂലം ഉണ്ടായ ഊർജ്ജ ലാഭം നിർണയിക്കാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും പ്രതിമാസം 10 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാം എന്ന് കണക്കാക്കുന്നു. |
| (ബി) വൈദ്യുതി പ്രസരണ വിതരണ രംഗത്തെ നഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ; | (ബി) വൈദ്യുതി പ്രസരണരംഗത്തെ നഷ്ടം കുറയ്ക്കുന്നതിന് വേണ്ടി വിവിധ വോൾട്ടേജ് ലെവലുകളിലുള്ള സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടേയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഞ്ച് 33 കെ.വി സബ്സ്റ്റേഷനുകളും രണ്ട് 110 കെ.വി സബ്സ്റ്റേഷനുകളും കമ്മീഷൻ ചെയ്തു. കൂടാതെ 'ഒരു വർഷ കർമ്മ പരിപാടി'യിൽ ഉൾപ്പെടുത്തി ഇരുപത്തിമൂന്ന് പുതിയ സബ്സ്റ്റേഷനുകൾ കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ആർ.എ.പി. ഡി.ആർ.പി സ്കീമിൽ ഉൾപ്പെടുത്തി 33 കെ.വി സബ്സ്റ്റേഷനുകൾ നിർമ്മിക്കാനും ഉദ്ദേശിക്കുന്നു. |

| | | |
|---|---|---|
| | | വൈദ്യുതിയുടെ പ്രസരണവിതരണ നഷ്ടം കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>1. കൂടുതൽ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുക.<br>2. എച്ച്ടി.എൽറ്റി റേഷ്യോ കുറയ്ക്കുക.<br>3. ശേഷി കുറഞ്ഞ കണ്ടക്ടർ മാറ്റി ശേഷി കൂടിയവ സ്ഥാപിക്കുക.<br>4. കൂടുതൽ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.<br>5. വൈദ്യുതിമോഷണം തടയുക. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.<br>6. സിംഗിൾ ഫേസ് ലൈനുകൾ മാറ്റി ത്രീ ഫേസ് ആക്കുക.<br>7. വൈദ്യുതി ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരക്കമ്പുകളും വള്ളികളും മുറിച്ചുമാറ്റുക. |
| (സി) | നാളേക്കിത്തിരി ഊർജ്ജം (സി) പദ്ധതി ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | പ്രാരംഭഘട്ടം എന്ന നിലയിൽ പ്രസ്തുത പദ്ധതി ഒന്നരലക്ഷം കുട്ടികൾക്കിടയിൽ നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ